അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചുവരികയാണ്. എന്നാൽ രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി കുറഞ്ഞത് 2 കി.മീ. ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രമേയത്തിനനുസരിച്ചാണ്. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യപ്പെടുമ്പോൾ മേൽപ്പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 2418 അക്ഷയകേന്ദ്രങ്ങൾ ഉണ്ട്. ഇതിനുപുറമേ സർക്കാർ അനുമതി നൽകിയ പുതിയ അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ അക്ഷയ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

ഊർജ്ജമേഖലയിലെ സ്വയംപര്യാപ്തത

20(*200) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എ. കെ.ബാലൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യത്തിനനുസരിച്ച് ഉൽപാദനം സാദ്ധ്യമാക്കുന്നതിന് സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൂടുതൽ ഊർജ്ജോല്പാദനത്തിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ അലംഭാവം കാണിക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉപഭോഗ ആവശ്യത്തിനനുസരിച്ച് ഉൽപാദനം സാദ്ധ്യമാകുന്നതിന് സാധിക്കാത്തപ്പോൾ, ഉപഭോക്താവിന് അന്യസംസ്ഥാനങ്ങളിൽനിന്നും കേന്ദ്ര ഊർജ്ജ മേഖലയിൽനിന്നും വൈദ്യുതി എത്തിച്ചു നൽകുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ അലംഭാവം കാണിക്കുന്നുണ്ടോ ;വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യത്തിനനുസരിച്ചുള്ള ആഭ്യന്തര ഉല്പാദനം സാദ്ധ്യമാകുന്നില്ല എന്ന് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ ആഭ്യന്തരോല്പാദനത്തിനു പുറമെ കേന്ദ്ര വിഹിതവും പുറമേ നിന്നുള്ള വൈദ്യുതിയും ഉപയോഗിച്ചാണ് സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യം നിറവേറ്റുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആഭ്യന്തരോല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം നികത്തുന്നതിന് അന്യസംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി എത്തിക്കുന്നതിനുവേണ്ട എല്ലാ നടപടികളും ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഉപഭോഗം നിറവേറ്റാൻ ആഭ്യന്തരോല്പാദനംകൊണ്ട് സാധിക്കാത്ത വരുമ്പോൾ സെൻട്രൽ ജനറേറ്റിംഗ് സ്റ്റേഷനുകളിൽനിന്നും (CGS), മറ്റ് സംസ്ഥാനങ്ങളിലെ ഉല്പാദകരിൽനിന്നും (IPPs) വൈദ്യുതി വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതം കൂടാതെ 397 MW വൈദ്യുതി മീഡിയം ടേം അടിസ്ഥാനത്തിൽ 3 വർഷത്തേയ്ക്കും 1415 MW വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ (long term) 25 വർഷത്തേയ്ക്കും വിവിധ സംസ്ഥാനങ്ങളിലെ ഉല്പാദകരിൽനിന്നും വാങ്ങുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതും മതിയാകാതെ വരുമ്പോൾ ഹ്രസ്വകാലാടിസ്ഥാനത്തിലും power exchange-കളിൽനിന്നും വൈദ്യുതി വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. മൈസൂർ-അരീക്കോട് 400 കെ.വി. ലൈൻ പ്രവർത്തനക്ഷമമായതോടുകൂടി ഛത്തീസ്ഗഢ് മേഖലയിൽ നിന്ന് കേരളത്തിലേയ്ക്ക് അധിക വൈദ്യുതി ലഭ്യമാകുന്നുണ്ട്. കൂടാതെ പശ്ചിമ ബംഗാളിൽനിന്നുള്ള വൈദ്യുതി ഈ മാസം ലഭ്യമാകുമെന്ന് കരുതുന്നു. ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. ഇതിനുപുറമെ പുനലൂർ-മാടക്കത്തറ എച്ച്.വി.ഡി.സി. ലൈൻ (200 MW ശേഷിയുള്ളത്) നിർമ്മിക്കാനുള്ള തീരുമാനം സി.ഇ.എ. തലത്തിൽ എടുപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത ലൈൻ 2019 കാലഘട്ടത്തിൽ പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത ലൈൻ നിർമ്മാണം പൂർത്തീകരിച്ചാൽ ഏകദേശം 10,000 കോടി രൂപയുള്ള 220 കെ.വി., 110 കെ.വി. ലൈനുകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. 400 കെ.വി. ഉടുപ്പി-അരീക്കോട്-മാടക്കത്തറ ലൈനിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഉടുപ്പി-മൈലാട്ടി വരെയുള്ള ലൈൻ പവർ ഗ്രിഡും മൈലാട്ടി-അരീക്കോട്-മാടക്കത്തറ ലൈൻ വൈദ്യുതി ബോർഡും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സാങ്കേതിക സൗകര്യങ്ങളൊരുക്കുന്നതിൽ അലംഭാവം കാണിക്കുന്നില്ല പ്രസരണ ലൈനുകളുടെ നിർമ്മാണം താമസിക്കുന്നതിനുള്ള കാരണം പൊതുജനങ്ങളുടെ എതിർപ്പാണ്. ലൈൻ നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ ആവശ്യത്തിനുള്ള വൈദ്യുതി ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly